മഹാത്മാ ഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

# വാർത്താക്കുറിപ്പ്

**2024 ഒക്ടോബർ 25**

---

## ഇന്റർ കൊളിജിയറ്റ് ഫിസിക്സ് ക്വിസ്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് ഫിസിക്സ് സംഘടിപ്പിക്കുന്ന സംസ്ഥാനതല ഇന്റർ കൊളിജിയന്റ് ക്വിസ് മത്സരം ഒക്ടോബർ 29ന് നടക്കും. സംസ്ഥാനത്തെ കോളജുകളിലെ ബി.എസ്സി ഫിസിക്സ് വിദ്യാർഥികൾക്ക് രണ്ടു പേർ ഉൾപ്പെട്ട ടീമുകളായി പങ്കെടുക്കാം. ഒരു കോളജിൽനിന്ന് പരമാവധി രണ്ടു ടീമുകൾക്കാണ് അവസരം.*

*ആദ്യ മൂന്നു സ്ഥാനങ്ങൾ നേടുന്ന ടീമുകൾക്ക് യഥാക്രമം 10000 രൂപ, 5000 രൂപ, 3000 രൂപ വീതം സമ്മാനം ലഭിക്കും.* https://spap.mgu.ac.in/events/ *എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. സ്പോട്ട് രജിസ്ട്രേഷനും അവസരമുണ്ട്. ഫോൺ-9446316179*

*(പി.ആർ.ഒ/39/960/2024)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*2010,2011 അഡ്മിഷൻ ബിടെക്ക്, ഒന്നു മുതൽ എട്ടു വരെ സെമസ്റ്ററുകൾ സ്പെഷ്യൽ മെഴ്സി ചാൻസ് പരീക്ഷകൾക്ക് നവംബർ ആറു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി നവംബർ ഏഴു വരെയും സൂപ്പർ ഫൈനോടുകൂടി നവംബർ എട്ട് വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/961/2024)*

## പരീക്ഷാ തീയതി

*നാലാം സെമസ്റ്റർ സിബിസിഎസ്എസ് (2013 മുതൽ 2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്) നാലാം സെമസ്റ്റർ സൈബർ ഫോറൻസിക് (2017,2018 അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2014 മുതൽ 2016 അഡ്മിഷനുകൾ മെഴ്സി ചാൻസ് മെയ് 2024) പരീക്ഷകൾ നവംബർ 19 മുതൽ നടക്കും.*

*(പി.ആർ.ഒ/39/962/2024)*

പബ്ലിക് റിലേഷൻസ് ഓഫീസർ